# കാൽപ്പാടുകൾ (നോവൽ)

കാരൂർ സോമൻ



അധ്യായം: 25

## ജീവിതനാടകം

ഒരു ചമ്മൽ മാറ്റാനെന്നവണ്ണം ആൻസി തിരികെ പോയി കതകടച്ചു. ആ സുമുഖനായ ചെറുപ്പക്കാരൻ ആൻസിയെ കടന്നുപോയി. ആഫ്റ്റർ ഷേവിന്റെ നാരങ്ങ ഗന്ധം അവിടെ നിറഞ്ഞു. ആൻസി അയാൾക്കു മുഖംകൊടുക്കാതെ നടന്നു ഏലിയാമ്മയ്ക്കരികിലെത്തി.

'നീ ചമ്മേണ്ട. ഒരബദ്ധം ആർക്കുംപറ്റും.'

'ഏതു പോലീസുകാരനും അല്ലേ.'

ഏലിയാമ്മ വീണ്ടും ആൻസിയെ കളിയാക്കി. ആൻസി നാണത്തോടെ ഏലിയാമ്മയുടെ കവിളിൽ നുള്ളി.

ഏലിയാമ്മ ആ ചെറുപ്പക്കാരനെ ആൻസിക്കു പരിചയപ്പെടുത്തി.

'ഇതെന്റെ അനുജത്തിയുടെ മകൻ സാം ശാമുവേൽ. എം.ബി.എ.ക്കാരനാ. അതുകഴിഞ്ഞ ഉടനെ ഓഫിസിൽ പിടിച്ചിരുത്തി. സൈമണോ ജസ്റ്റിനോ ബിസിനസിൽ ശ്രദ്ധിക്കാറില്ല. ഇവനാണ് സ്റ്റോറേജുകളുടെ ഓൾ ഇൻ ഓൾ.'

ആൻസി പരുങ്ങലോടെ മുഖത്തൊരു ചിരിവരുത്തിയിട്ടു പറഞ്ഞു.

'ആം സോറി.' എനിക്കറിയില്ലായിരുന്നു.

ശാമുവേൽ ആൻസിയെ കണ്ണിമയ്ക്കാതെ നോക്കുകയായിരുന്നു.

'അതു കുഴപ്പമില്ല. മോളൊരു ചായ ഇട്ടുകൊടുത്താൽമതി. അവന്റെ പിണക്കമെങ്ങ് മാറിക്കൊള്ളും.'

മറുപടി പറഞ്ഞത് ഏലിയാമ്മയായിരുന്നു.

രക്ഷപ്പെട്ടുവെന്ന ആശ്വാസത്തോടെ ആൻസി അടുക്കളയിലേക്കോടി. അതുകണ്ട് അവർ ചിരിച്ചു.

കൗൺസിൽ ഓഫീസിൽ നിന്നുവന്ന കത്തുകൾ സാം ഏലിയാമ്മയെ ഏൽപ്പിച്ചു. അതുവായിച്ചിട്ട് ഏലിയാമ്മ വേണ്ട നിർദേശങ്ങൾ കൊടുത്തു. ഡാനി സ്ഥലത്തില്ലെങ്കിൽ ആ ചുമതലയും ഏലിയാമ്മയ്ക്കാണ്.

ആൻസി ചായയുമായി വന്നു. സാം മിഴികളുയർത്തി നന്ദി പറഞ്ഞു. അവൾ മന്ദഹസിച്ചു.

'നിനക്കിവനെ ഇഷ്ടപ്പെട്ടോ.'

ഏലിയാമ്മ ആൻസിയെ കളിയാക്കി.

ആൻസിയുടെ കവിളുകളിൽ നുണക്കുഴിപ്പൂക്കൾ വിരിഞ്ഞു.

'ഇഷ്ടപ്പെട്ടെങ്കിൽ കെട്ടിച്ചുതന്നേക്കാം.'

'ഈ അമ്മച്ചി...'

ഏലിയാമ്മയുടെ കവിളിൽ നുള്ളിയിട്ട് ആൻസി അടുക്കളയിലേക്കോടി.

ആനി ഹോസ്പിറ്റലിൽ പോയി തുടങ്ങിയിരുന്നു. ആൻസി പരിശീലനത്തിനും.

കുട്ടിയെ നോക്കുന്ന ചുമതല ഏലിയാമ്മ ഏറ്റെടുത്തിരുന്നു. കുഞ്ഞിനെ ഉറക്കിയിട്ട് ഡാനിച്ചനു ഫോൺ ചെയ്യാമെന്നുകരുതി താഴേക്ക് ഇറങ്ങിയപ്പോഴാണ് കോളിംഗ് ബെൽ ചിലച്ചത്.

ഈ സമയത്ത് ആരായിരിക്കുമെന്നു സംശയമുണ്ടായിരുന്നു ഏലിയാമ്മയ്ക്ക്.

വാതിൽ തുറന്നപ്പോൾ മുൻപിൽ ആനി.

കണ്ണുകൾ കലങ്ങിയിരുന്നു. മുഖത്ത് കലുഷമായ മനസിന്റെ നിഴലിരമ്പം.

'എന്തുപറ്റി മോളേ.'

ഏലിയാമ്മയുടെ ചോദ്യത്തിനു മറുപടിയായി ആനി ഒരു കവർ ഏലിയാമ്മയുടെ നേരെ നീട്ടി.

ആനിയെ കൈപിടിച്ച് അകത്തേക്കു കയറ്റിയിട്ട് ഏലിയാമ്മ കവർ പൊട്ടിച്ചുനോക്കി.

വിവാഹമോചനത്തിനുള്ള നോട്ടീസാണ്. ഇന്ത്യയിൽ രജിസ്റ്റർ ചെയ്തതുകൊണ്ട് അവിടുത്തെ കോടതിയിൽ നിന്നയച്ചത്. അതിൽ ഒപ്പിട്ടാൽ മാത്രംമതി. കൗൺസിലിംഗിനു താൽപര്യമില്ല എന്നുള്ളതിന്റെ അടിയിൽ ജസ്റ്റിന്റെ ഒപ്പുണ്ട്. ഏലിയാമ്മ അതുവായിച്ചുകഴിഞ്ഞ് ആനിയെ നോക്കി.

ആനിയുടെ മുഖത്ത് പഴയപോലെ വിഷാദത്തിന്റെ കരിമ്പടങ്ങളൊന്നുമില്ല. കടുത്ത എന്തോ തീരുമാനിച്ചുറച്ച പോലെ.

'എന്തു തീരുമാനിച്ചു മോളേ.'

'എന്റെ തീരുമാനം ഞാൻ നേരത്തെ പറഞ്ഞതല്ലേ ആന്റീ. ഒപ്പിട്ടു കൊടുക്കാം.' ഏലിയാമ്മ പിന്നീടൊന്നും പറഞ്ഞില്ല.

ഡാനിച്ചന് ഫോൺ ചെയ്തപ്പോൾ ഇക്കാര്യം സൂചിപ്പിച്ചു. ഡാനിച്ചൻ മറുപടിയായി ഒന്നു മൂളുകമാത്രമേ ചെയ്തുള്ളൂ. ആനിയുടെ തീരുമാനംപോലെ നടക്കട്ടെയെന്ന ഭാവമായിരുന്നു എല്ലാവർക്കും. അങ്ങനെ നടന്നു.

ഒരു വിരലടയാളത്തിൽ. മഷി രേഖകളിൽ ഒരു താലിയഴിഞ്ഞു വീണു. രണ്ടു മനസുകൾ വേർപെട്ടു.

വർഷങ്ങൾ വിമാനവേഗങ്ങൾപോലെ കടന്നുപോയി. ആൻസിക്കു ആനിയുടെ ഹോസ്പിറ്റലിൽ തന്നെ ജോലി കിട്ടി. ആൻസിയുടെയും സാമിന്റെയും വിവാഹം തീരുമാനിച്ചു. മനസമ്മതം ഇവിടെവച്ചും വിവാഹം നാട്ടിൽവച്ചും

നടത്താനായിരുന്നു തീരുമാനം. മകനെയുംകൊണ്ട് ആനി നാട്ടിൽപോയി വന്നു. രാജാക്കന്മാരുടെയും രാജ്ഞിമാരുടെയും നാട്ടിൽ മകൾ സസന്തോഷം ജീവിക്കുന്നു എന്ന വിശ്വാസം മുറിപ്പെടുത്താതെ തന്നെ.

വീഞ്ഞ് ഗ്ലാസിലേക്കു പകർന്ന് വാസുവിന്റെ കൈയിൽ പിടിപ്പിച്ചപ്പോഴാണ് ഫോണടിച്ചത്. ലഹരിയാർന്ന കാലുകളിൽ വെച്ചുവെച്ച് ഗ്രേസി ഫോണിനടുത്തു ചെന്നു. എടുത്തപ്പോഴേക്കും കട്ടായി. തിരികെവന്നു. വാസുവിനായി ഒഴിച്ചുവച്ചത് അതുപോലെ തന്നെയിരിക്കുന്നു. തൊട്ടു നോക്കിയിട്ടുപോലുമില്ല.

'വാട്ട് ഹാപ്പെൻഡ് വാസു.'

'നതിംഗ്.'

'ടെൽമി വാട്ട്സ് ദ മാറ്റർ. യു ആർ ട്രൈയിംഗ് റ്റു ടു ഹൈഡ് സംതിംങ് ഫ്രംമി.'

'അത്.... അത് ഞാനിന്നു ആനിയുടെ മോനെ കണ്ടു. എന്റെ റീനമോളുടെ മകൻ പഠിക്കുന്ന അതേ സ്കൂളിലാ ആ കുട്ടീം.'

'യു മീൻ സെന്റ് തോമസ് സ്കൂൾ.' ഗ്രേസി തുടർന്നു. 'സോ വാട്ട്. ഐ ഡോൺട്ട് വാൺട് ടു ഹിയർ എനിതിംങ് എബൗട്ട് ദാറ്റ് ബിച്ച്.'

തനിക്കു മുൻപിൽ വച്ചിരുന്ന ഗ്ലാസ് വാസു കാലിയാക്കി. ഫോൺ വീണ്ടും ശബ്ദിച്ചു. ഗ്രേസി ഫോണെടുത്തു കുറേ ഹലോ പറഞ്ഞു. അപ്പുറത്തു നിന്നു പ്രതികരണമൊന്നുമില്ല. ഫോൺ വച്ചിട്ട് തിരികെവന്നു.

വാസു തുടർന്നു.

'ഗ്രേസി കേൾക്കണം. കാരണം ഗ്രേസിയുടെ വാക്കു കേട്ടാണ് അന്നുഞാൻ ജോസിനെ ഇറക്കിവിട്ടത്. ആ പാതിരാത്രിയിൽ. ഇന്നു ആനിയുടെ മകനെ കണ്ടപ്പോഴാണ് ചെയ്തത് എത്ര ക്രൂരമായെന്നു ഞാൻ തിരിച്ചറിഞ്ഞത്.' ഗ്രേസി ചോദ്യത്തിന്റെ പുരികമുനകളാൽ വാസുവിനെ നോക്കി.

'ആ കുട്ടിയുടെ പേരറിയോ ഗ്രേസിക്ക്. ജാക്കി ജസ്റ്റിൻ. ജസ്റ്റിന്റെ അതേമുഖം, അതേ നടപ്പ്. മുടിപോലും അങ്ങനെ. എന്നിട്ട് ജോസിനെയും ആ പാവം പെണ്ണിനെയുംകൂട്ടി... ഛെ!'

വാസു മുഖം തിരിച്ചു.

'ഇറ്റ്സ് ഇനഫ് സ്റ്റോപിറ്റ് യു.' ഗ്രേസി ഗ്ലാസ് മേശയിലിടിച്ചു വച്ചു.

'ഡൈവോഴ്സ് വാങ്ങിപ്പോയവളുടെ കാര്യത്തിൽ വാസുവിനെന്താ ഇന്ററസ്റ്റ്. അവളെ ഞാനീ മുറ്റത്തു കയറ്റില്ല ഇനി.'

വാസു എഴുന്നേറ്റ് പുറത്തേക്കു നടന്നു.

വാതിലിനടുത്തെത്തി തിരിഞ്ഞു ഗ്രേസിയോടു ചോദിച്ചു.

'ഗ്രേസിയുടെ ഗ്രാൻഡ് സൺ വന്നാലും ഈ മുറ്റത്ത് കയറ്റില്ലേ. ഐ മീൻ ജസ്റ്റിന്റെ മകൻ ?'

ഗ്രേസിയുടെ മുഖംവാടി. എന്തു പറയണമെന്ന് ഗ്രേസിക്കറിയില്ലായിരുന്നു.

മറുപടിക്ക് കാത്തുനിൽക്കാതെ വാസു വെട്ടിത്തിരിഞ്ഞു പുറത്തേക്കു നടന്നു. പുറത്ത് കാറ് പാഞ്ഞുപോകുന്നതു കേട്ടു.

വാസു പറഞ്ഞത് സത്യമാണോ. ആ കുട്ടി ജസ്റ്റിനെപ്പോലെ ആയിരിക്കുമോ? എന്തൊക്കെ പറഞ്ഞാലും തന്റെ കുടി രക്തമാണ്. മുറ്റത്തെ ചിത്രശലഭങ്ങൾക്കു പിന്നാലെ പായുന്ന ജസ്റ്റിന്റെ ചെറുപ്പകാലം ഗ്രേസിയുടെ മനസിൽ ഓടിയെത്തി. ഓർമയുടെ സുഗന്ധമുള്ള വർണഫ്രെയിമുകൾ. അവനെ പോയി കണ്ടാലോ.

ചിന്തകൾക്കു മീതേ ഫോൺബെല്ലടിച്ചു. പതിയെ നടന്നുചെന്ന് ഗ്രേസി ഫോണെടുത്തു.

'ഹലോ...'

'ഹലോ ഇറ്റ് എ കോൾ ഫ്രം ലണ്ടൻ ഹോസ്പിറ്റൽ.' ഒരു കിളിനാദം.

'യെസ്.'

'ജസ്റ്റിൻ ഈസ് അഡ്മിറ്റഡ് ഹിയർ. പ്ലീസ് കോൺടാക്ട് ഹിം ഇമീഡിയറ്റ്ലി.'

ഗ്രേസിക്ക് എന്തെങ്കിലും പറയാൻ പറ്റുന്നതിനു മുൻപ് ഫോൺ കട്ടായി. ഞരമ്പുകളിലൂടെ ഒരു മരവിപ്പു പാഞ്ഞുപോയി. ജെസ്റ്റിനെന്തുപറ്റി. എന്തു ചെയ്യണമെന്ന് ഗ്രേസിക്കറിയില്ലായിരുന്നു.

'മാത്തീ...' ഗ്രേസി ശബ്ദമെടുത്തു വിളിച്ചു. മാത്തിയോടു പറഞ്ഞിട്ടു ആശുപത്രിയിലേയ്ക്കു പോയി.

ഗ്രേസി ആശുപത്രിയിൽ ചെല്ലുമ്പോൾ അവിടെ മോനിക്കയുണ്ടായിരുന്നു. ഗ്രേസിക്ക് എന്താണു സംഭവിച്ചതെന്നു മനസിലായില്ല. ഗ്രേസിയെ കണ്ടതും മോനിക്ക ക്യാബിനിലേക്ക് കൂട്ടിക്കൊണ്ടുപോയി. മോനിക്കയോട് ഗ്രേസി ചോദിച്ചതൊക്കെ വ്യക്തമായില്ല. ഭീതിയിൽ ചുണ്ടുകൾ വിറയ്ക്കുകയായിരുന്നു. മോനിക്ക ഗ്രേസിക്കു കുടിക്കാൻ തണുത്ത വെള്ളം കൊടുത്തു. അതു വായിലേക്കു കമഴ്ത്തി.

'എന്തുപറ്റി ജസ്റ്റിന്.'

'ആന്റീ, ബി കൂൾ ആന്റ് കാം. ലിസൺ ടു മി കെയർഫുളി. ജസ്റ്റിൻ... ജസ്റ്റിൻ ഈസ് നൗ ആൻ എച്ച്.ഐ.വി. പോസിറ്റീവ് പേഷ്യന്റ്.'

'വാട്ട്.' ഗ്രേസിക്ക് വിശ്വസിക്കാനായില്ല.

'യെസ്. ജസ്റ്റിൻ ഒരു എയ്ഡ്സ് രോഗിയാണ്. ബാറിൽ തലചുറ്റി വീണാണ് ഇവിടെ കൊണ്ടുവന്നത്.'

'ആന്റ് ഇറ്റ്സ് ക്ലിയേഡ് ഇൻ ദ ഫർദർ ടെസ്റ്റ് ദാറ്റ് ഹി ഈസ് ആൻ എയ്ഡ്സ് പേഷ്യന്റ്.'

'ജസ്റ്റിൻ?' ഗ്രേസി ഉദ്വേഗത്തോടെ ചോദിച്ചു.

ഗ്രേസിയുടെ കണ്ണുകൾ നിറഞ്ഞു. ഗ്രേസി കരയുന്നത് മോനിക്ക ആദ്യമായി കാണുകയായിരുന്നു.

'എനിക്കവനെ കാണണം.'

തേങ്ങലിനിടയിൽ ഗ്രേസി പറഞ്ഞൊപ്പിച്ചു.

'ഓകെ. ബട്ട് ഡോൺ ക്രൈ ഇൻ ഫ്രണ്ട് ഓഫ് ഹിം.' മോനിക്ക ഗ്രേസിയോട് പറഞ്ഞു.

ഗ്രേസിയുടെ കൈപിടിച്ചു ജസ്റ്റിനെ അഡ്മിറ്റ് ചെയ്തിരിക്കുന്ന മുറിയിലേക്കു നടന്നു. ഗ്രേസിയെ അകത്തു കയറ്റിവിട്ടിട്ട് പുറത്തു കാത്തുനിന്നു. മൊബൈൽ എടുത്തു ജോസിനെ വിളിച്ചു.

ഊന്നുവടിയുടെ സ്വരംകേട്ട് ജസ്റ്റിൻ തലയുയർത്തി നോക്കി.

'മമ്മ.' തലതിരിച്ചു. ഗ്രേസി നടന്നുവന്നു ജസ്റ്റിന്റെ ബെഡിലിരുന്നു. തലമുടിയിലൂടെ വിരലോടിച്ചു.

ഒരുനിമിഷം. കൈകൾകൊണ്ട് മുഖംപൊത്തി ഒരു കൊച്ചുകുട്ടിയെപ്പോലെ ജസ്റ്റിൻ ഏങ്ങലടിച്ചു കരഞ്ഞു.

ഗ്രേസിയുടെ കണ്ണുകളും നിറഞ്ഞു. വിറകൊള്ളുന്ന ചുണ്ടുകൾ കടിച്ച് ഗ്രേസി പറഞ്ഞു.

'ഡോൺ ബി അപ്സെറ്റ് ജസ്റ്റി. ഐ വിൽ ബി വിത് യു.'

ഇനി താനവിടെ നിന്നാൽ ജസ്റ്റിനു കൂടുതൽ സങ്കടമാകുകയേ ഉള്ളൂവെന്ന് ഗ്രേസിക്കു തോന്നി.

അവന്റെ മുടിയിഴകളിൽ വിരലോടിച്ചു. മുഖം മറച്ച കൈകളിൽ ചുംബിച്ച് ഗ്രേസി എഴുന്നേറ്റു പുറത്തേക്കു നടന്നു. കരച്ചിലടക്കാൻ ഗ്രേസിക്ക് നന്നേ പാടുപെടേണ്ടിവന്നു. പുറകിൽ ജസ്റ്റിൻ ഒരു കുഞ്ഞിനെപ്പോലെ ഏങ്ങലടിക്കുന്നതു കേൾക്കാമായിരുന്നു.

മൊബൈൽ ഫോൺ ബെല്ലടിക്കുമ്പോൾ ആനി ഷോപ്പിംഗ് കഴിഞ്ഞ് മടങ്ങുകയായിരുന്നു. കുറേ നേരമായി അതു ബെല്ലടിക്കാൻ തുടങ്ങിയിട്ട്. മുഖത്തെ കണ്ണട ചുണ്ടുവിരലിലുയർത്തിവച്ചിട്ട് ഫോണെടുത്തു നോക്കി. ജോസ് പപ്പയാണ്. റോഡിൽ നല്ല തിരക്ക്. പാർക്കിങ് ഏരിയയിലേക്ക് കാറൊതുക്കിയിട്ടിട്ട് ആനി ഫോണെടുത്തു.

'ഹലോ എന്താ പപ്പാ.'

'മോളേ ഒരു കാര്യമുണ്ട്. ഇപ്പൊ നീയെവിടാ.'

'ഒരു ഷോപ്പിംഗ് ഉണ്ടായിരുന്നു. അതുകഴിഞ്ഞു വീട്ടിലേക്കു പോവാ.'

ഇടർച്ചയോടെ ജോസിന്റെ സ്വരംവന്നു.

'ഒരു വാർത്തയുണ്ട്.'

'എന്താ പപ്പാ.'

'ജസ്റ്റിനെ ലണ്ടൻ ഹോസ്പിറ്റലിൽ അഡ്മിറ്റാക്കിയെന്ന്. എച്ച്.ഐ.വി. പോസിറ്റീവ്. മോനിക്ക വിളിച്ചു പറഞ്ഞു.' ഹൃദയത്തിലൂടെ ഒരുകത്തി കയറിയിറങ്ങിയതുപോലെ ആനി നിന്നു. കേൾക്കാൻ പാടില്ലാത്തതു കേട്ടപോലെ.

ജോസിന്റെ സ്വരം മൊബൈലിൽകൂടി ഒഴുകിവന്നു. 'ഉടനടി മോളും ജാക്കിമോനും എച്ച്.ഐ.വി. ടെസ്റ്റ് നടത്തണം.' സ്റ്റിയറിംഗിലേക്കു തലകുനിച്ച് ആനിയിരുന്നു. കരയാൻ തോന്നിയില്ല. ഒരു മരവിപ്പായിരുന്നു മനസിൽ.

*(അടുത്ത അധ്യായത്തോടുകൂടി 'കാൽപ്പാടുകൾ' നോവൽ അവസാനിക്കുന്നു...)*